# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 334

**28.10.2019-ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിൽ ആധുനിക ആയുർവേദ ചികിത്സാ കേന്ദ്രം**

| ചോദ്യം<br>**ശ്രീ.ബി.ഡി. ദേവസ്സി** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടിയിലെ ആധുനിക ആയുർവേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ചാലക്കുടിയിൽ നാഷണൽ ആയുഷ് മിഷന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി അംഗീകാരം ലഭിച്ച 50 കിടക്കകളുള്ള ആയുഷ് ആശുപത്രിയ്ക്ക് ഡി.പി.ആർ തയ്യാറാക്കപ്പെടുകയും ആയുഷ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിന് ഭരണാനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും<br><br>(സി ) യും | ഉണ്ട്.<br><br>സാങ്കേതിക അനുമതിയ്ക്ക് ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും.പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായ HITES നോട് കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്യുകയുമുണ്ടായി. അത് ലഭ്യമായ തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റിയോഗം കൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിയ്ക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ